## 330

*രീതി! ഇവരേ പെരുമാൻ*

ക്രിസ്തു നിസ്തുല്യൻ സകലരിലും സുദൃഢം

1 പാരിടത്തിന്നധികാരി-സർവ്വ
പാപവിഷഭയഹാരി-തന്റെ പാദാശ്രിതർക്കുപകാരി-

2 നാനാപരീക്ഷയിൻ നേരം-അവൻ
നാൾതോറും തീർക്കുമെൻ ഭാരം-തിരു നാമമെനിക്കൊരു ഹാരം

3 കുരുടർക്കു കാഴ്ചയെ കൊടുത്തു-പാപ
ക്കരുമനകളവൻ തീർത്തു-തന്റെ കരുണയിലെന്നെയുമോർത്തു

4 ഇക്ഷിതിയിൽ മനുവർഗ്ഗ-മെല്ലാം
മോക്ഷമണയുന്ന മാർഗ്ഗം-എന്റെ രക്ഷാപുരുഷനെൻ ഭാഗ്യം

5 മുറ്റുമവനിയിലെല്ലാം-പാർത്താൽ
മറ്റൊരു മാർഗ്ഗവുമില്ല-പാരിൽ മറ്റൊരു രക്ഷകനില്ല-

**M.E.C.**